പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികൾ, അംഗൻവാടി വർക്കേഴ്സ്, എൻഡോസൾഫാൻ ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾ, കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി പെൻഷൻകാർ എന്നിവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും മുഴുവൻ പ്രീമിയവും സ്വയം അടച്ച് ചേരാവുന്നതാണ്.

ഗ്രാമീണാരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് സ്കീം

44 (5449) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണാരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുന്ന എത്ര പേരാണ് മണലൂർ നിയോജകമണ്ഡലത്തിൽ ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇവർക്കെല്ലാവർക്കും സ്മാർട്ട് കാർഡ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നേക്ക് നൽകുമെന്നറിയിക്കാമോ ;

(സി) ഈ പദ്ധതി പ്രകാരം ചികിത്സ നേടാവുന്ന തൃശൂർ-ചാവക്കാട് താലൂക്കുകളിലെ സ്വകാര്യ/സഹകരണ ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) തൊഴിൽ വകുപ്പിന് കീഴിൽ നിലവിലുള്ളത് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ മണലൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 8320 പേർക്ക് കഴിഞ്ഞ വർഷം സ്മാർട്ട് കാർഡ് നൽകിയിരുന്നു. ഈ വർഷത്തെ എൻറോൾമെന്റ് പൂർത്തിയായിട്ടില്ല. ഈ മാസം 31-നകം കഴിഞ്ഞ വർഷം കാർഡു ലഭിച്ചവർക്കു പുതുക്കി നൽകുന്നതോടൊപ്പം കഴിഞ്ഞ വർഷം ഉപയോഗിച്ച ലിസ്റ്റിൽ (2002 ലെ ബി.പി.എൽ. ലിസ്റ്റ്) പേരുണ്ടായിട്ടും പദ്ധതിയിൽ ചേരാനാകാതെ വന്നവർക്ക് പുതുതായി പദ്ധതിയിൽ ചേരാൻ അവസരം നൽകുകയും ചെയ്യുന്നതാണ്.

(സി) തൃശ്ശൂർ ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലത്തൂരിലെ ഇ.എസ്.ഐ. ആശുപത്രി

45 (5450) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂരിലെ ഇ.എസ്.ഐ. ആശുപത്രി നിലവിൽ വന്നിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly